## പതിമൂന്നാം കേരളനിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 124** **21.03.2012-ലെ മറുപടിയ്ക്ക്**

## പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സമീപനം

| ചോദ്യം. | ഉത്തരം. |
| --- | --- |
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.ബാബു.എം.പാലിശ്ശേരി | കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സമീപനം സംബന്ധിച്ച സർക്കാർ നിലപാട് വിശദമാക്കാമോ; | (എ) ഉത്പാദനക്ഷമവും മത്സരക്ഷമവും സുസ്തിരവും സർവ്വതല സ്പർശിയുമായ ഒരു സാമ്പത്തിക അടിത്തറ സൃഷ്ടിക്കുക എന്ന മൗലിക തന്ത്രമാണ് പന്ത്രണ്ടാം പദ്ധതി സമീപന രേഖയുടെ കാതൽ. |
| (ബി) ആഗോളവത്ക്കരണ സാമ്പത്തിക നയങ്ങൾക്ക് പരാജയം നേരിട്ട് കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ അതിന്റെ ചുവടുപിടിച്ചുകൊണ്ടുള്ള സമീപനത്തിൽ നിന്നും മാറ്റം വരുത്താൻ സർക്കാർ തയ്യാറാകുമോ; | (ബി)<br>(സി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖ തയ്യാറാക്കിയപ്പോൾ ഈ കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ചിട്ടുണ്ട്. സാമാന്യ ജനങ്ങളുടെ ജീവിതത്തിൽ പുരോഗതി കൈവരിക്കുന്നതിനുള്ള നടപടികളാണ് സമീപന രേഖയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന്. |
| (സി) സാമാന്യജനങ്ങളുടെ ജീവിതത്തിൽ പുരോഗതി കൈവരിക്കാനാകുന്ന നിലയിലുള്ള ബദൽ പദ്ധതികളോടു കൂടിയ സമീപനം പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ കാര്യത്തിൽ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ